DEC : 17

# KGBEU OU ബുള്ളറ്റിൻ 77/2022

സഖാക്കളെ,

## വിഷയം: APY ക്യാമ്പയിൻ

APY യുടെ പേരിൽ ചില RO കളിൽ നിന്നും വലിയ സമ്മർദ്ദമാണ് ഉണ്ടായികൊണ്ടിരിക്കുന്നത് എന്ന് ജീവനക്കാരുടെ ഭാഗത്തു നിന്നും വ്യാപകമായ പരാതി വരുന്നുണ്ട്. അതിരൂക്ഷമായ സ്റ്റാഫ് ഷോർട്ടേജിനിടയിലും വളരെ മികച്ച പ്രവർത്തനമാണ് നമ്മുടെ ജീവനക്കാർ നടത്തിക്കൊണ്ടിരിക്കുന്നത്. അതിനിടയിലാണ് ജീവനക്കാരുടെ ആത്മാഭിമാനവും ആത്മവിശ്വാസവും തകർക്കുന്ന നിലയിൽ ചില കോണുകളിൽ നിന്നും ഇത്തരം പൊറോട്ടു നാടകങ്ങൾ ഉണ്ടാകുന്നത്.

APY എന്നത് ഒരു സർക്കാർ പദ്ധതി ആയതിനാൽ നാം സംഘടനാപരമായി അതിനെ എതിർക്കുന്നില്ല. അതിനാൽത്തന്നെ അതിന്റെ ഗുണഭോക്താക്കളാകാൻ വരുന്നവരോട് മുഖം തിരിഞ്ഞു നിൽക്കാറുമില്ല. വലിയ കോടികൾ ചെലവിട്ടു സർക്കാർ പരസ്യം നൽകുന്നുണ്ട്. അത് ആളുകളിലേക്ക് എത്തുന്നുമുണ്ട്. ആവശ്യക്കാർ അതു അറിഞ്ഞു വരുന്നുമുണ്ട്.

ആവശ്യക്കാരല്ലാത്തവരെ നിർബന്ധപൂർവ്വം ചേർത്തതിന്റെ പേരിൽ കുടിശ്ശിക ആവുകയും കുറേക്കാലത്തിനു ശേഷം മറ്റൊരാവശ്യത്തിനായി അക്കൗണ്ടിൽ നിക്ഷേപിക്കുമ്പോൾ പതിനായിരക്കണക്കിന് രൂപ കുടിശ്ശികയിനത്തിലും പിഴയായും ഈടാക്കുകയും ചെയ്ത നിരവധി സന്ദർഭങ്ങളും നമുക്ക് മുന്നിൽ ഉള്ളതാണ്.

APY ക്യാമ്പയിൻ ചെയ്യുന്നതിലേക്കായി മറ്റെല്ലാ ജോലികളും മാറ്റി വെക്കണം എന്ന തരത്തിൽ ആണ് RO കളിൽ നിന്നും വിളികൾ വരുന്നത്. ബാങ്ക് ജീവനക്കാരുടെ ജോലി നിക്ഷേപം സ്വീകരിക്കുക, വായ്പ നൽകുക, കുടിശ്ശിക പിരിക്കുക എന്നിവയാണ്. ആ പ്രവർത്തനത്തിൽ പരമാവധി വ്യാപൃതരാകുകയും ബാങ്കിന്റെ വളർച്ചയ്ക്ക് പരമാവധി സംഭാവന നൽകുകയും ചെയ്യണം എന്ന് അഭ്യർത്ഥിക്കുന്നു. APY enrolment ഇന്ത്യയിലെ മൊത്തം സംസ്ഥാനങ്ങളിലെ കണക്കെടുക്കുമ്പോൾ കേരളത്തിൽ കുറവാകാനുള്ള കാരണങ്ങളുടെ യഥാർത്ഥ വസ്തുതകളിലേക്ക് അന്വേഷണം കൊണ്ടുചെന്ന് എത്തിക്കാനുള്ള സാമാന്യബുദ്ധി മാനേജ്മെന്റിന് കൈമോശം വന്നിരിക്കുന്നു എന്ന് വേണം കരുതാൻ. ഇന്ത്യയിലെ മറ്റു സംസ്ഥാനങ്ങളെ അപേക്ഷിച്ച് ക്ഷേമപെൻഷൻ നൽകുകയും അനേകം സാമൂഹിക സുരക്ഷാ പദ്ധതികൾ സംസ്ഥാന സർക്കാർ മുൻകൈയെടുത്ത് നടപ്പിലാക്കുകയും ചെയ്യുന്ന സംസ്ഥാനമാണ് കേരളം. സ്വാഭാവികമായും ഇവിടുത്തെ ജനങ്ങൾക്ക് കോൺട്രിബ്യൂഷനോടുകൂടിയ പുതിയ പദ്ധതികളോട് വിമുഖത ഉണ്ടാകും. ഈ സാഹചര്യത്തെ മനസ്സിലാക്കാതെ ജീവനക്കാർക്കു മേൽ അനാവശ്യമായ സമ്മർദ്ദം ചെലുത്തി, ഇടപാടുകാരെ കള്ളം പറഞ്ഞുകൊണ്ട് ഇത്തരം പദ്ധതികളിൽ ചേർക്കാനുള്ള നിർദ്ദേശങ്ങൾ ആണ് പല കൺട്രോളിങ് ഓഫീസുകളിൽ നിന്നും വന്നുകൊണ്ടിരിക്കുന്നത്.

APY യുടെ ഗുണഗണങ്ങൾ അറിഞ്ഞു ചേരുന്ന ഇടപാടുകാരെ പദ്ധതിയുടെ ഗുണഭോക്താക്കൾ ആക്കണം. എന്നാൽ ചിലരുടെ സ്വാർത്ഥ താല്പര്യങ്ങൾക്കു വേണ്ടി ആവശ്യമില്ലാത്ത കാര്യങ്ങൾക്ക് അധിക സമയം വിനിയോഗിക്കാൻ എവിടെ നിന്നെങ്കിലും സമ്മർദ്ദം വരുന്നുങ്കെിൽ അതിന് യാതൊരു പരിഗണനയും കൊടുക്കേണ്ടതില്ല എന്നും അങ്ങിനെ ഉണ്ടാവുന്നെങ്കിൽ സംഘടനയുടെ ശ്രദ്ധയിൽ കൊണ്ടുവരണം എന്നും മുഴുവൻ ജീവനക്കാരോടും അഭ്യർത്ഥിക്കുന്നു.

ജനറൽ സെക്രട്ടറി
KGB എംപ്ലോയീസ് യൂണിയൻ
KGB ഓഫീസേഴ്സ് യൂണിയൻ